# 3

# ക്രിസ്തുവിൽ ജീവിക്കൽ

*"സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ" (എഫെസ്യർ 1:3).*

പല ആചാരങ്ങളിലും വിവാഹത്തിൽ സ്ത്രീയും പുരുഷനും അന്യോന്യം ധരിക്കുന്ന വിവാഹ മോതിരം അവർ എടുക്കുന്ന സമർപ്പണത്തിന്റെ പ്രതീകമാണ്. ഈ സമർപ്പണത്തിന്റെ ദൃശ്യമായ അടയാളം ചെറുതെങ്കിലും (പലപ്പോഴും വിലയേറിയതാണ്), എന്നാൽ ആയുഷ്കാലം മുഴുവനുമായുള്ള ഒരു വാഗ്ദാനവുമാണ്. ഈ ചെറിയ വിവാഹ അടയാളം നമ്മെ ഓർമ്മിപ്പിക്കുന്നതു ചെറിയ വസ്തുക്കൾ വളരെ പ്രാധാന്യത്തെ പ്രകടമാക്കുന്നു എന്നത്രേ.

പുതിയ നിയമ പദപ്രയോഗം ആയ "ക്രിസ്തുവിൽ," എന്നതു ഏതാണ്ടു താരതമ്യം - ചെയ്യാനാവാത്തതും, എല്ലായ്പ്പോഴും അർത്ഥവത്തുമാണ്. അതു ഒരിക്കലും പ്രധാന്യമുള്ള ആത്മീയ ആശയം തരാതിരിക്കുന്നില്ല. അതു പ്രസ്താവിച്ചിരിക്കുന്നത് "ക്രിസ്തുവിൽ" (റോമർ 12:5), "ക്രിസ്തു യേശുവിൽ" (റോമർ 3:24), "നമ്മുടെ കർത്താവായ ക്രിസ്തുയേശുവിൽ" (റോമർ 8:39), "അവനിൽ" (2 കൊരിന്ത്യർ 5:21), "കർത്താവായ യേശുവിൽ" (റോമർ 14:14), "കർത്താവിൽ" (1 കൊരിന്ത്യർ 4:17), "അവന്റെ പുത്രനിൽ" (1 യോഹന്നാൻ 5:11), "യേശുവിൽ" (എഫെസ്യർ 4:21). "അവനിലേക്ക്" (എഫെസ്യർ 4:15), "അവനിൽ" (എഫെസ്യർ 2:21), "കർത്താവായ യേശുക്രിസ്തുവിൽ" (2 തെസ്സലൊനിക്യർ 3:12), "യേശുവിൽ" (1 തെസ്സലോനിക്യർ 4:14), അല്ലെങ്കിൽ "അവന്റെ പുത്രനായ യേശുക്രിസ്തുവിൽ" (1 യോഹന്നാൻ 5:20); എന്നാൽ അതിന്റെ വേദശാസ്ത്രപരമായ പ്രസ്താവനകൾ കണ്ടില്ലെന്നു നടിക്കുവാൻ സാധ്യമല്ല. അതു ക്രിസ്തുവിനോടുള്ള ഐക്യത്തേയും,

ക്രിസ്തുവിന്റെ ആത്മീയ ശരീരത്തോടു കൂടിയുളള വാസവുമാണ്. അതുകൊണ്ടു, ഈ പദപ്രയോഗത്തെ നാം അവഗണിച്ചാൽ ദൈവ പദ്ധതിയിൽ സഭയ്ക്കുളള പ്രാധാന്യത്തെ മനസ്സിലാക്കുവാൻ കഴിയുകയില്ല.

"ക്രിസ്തുവിൽ," "സഭയിൽ" എന്നീ രണ്ട് പദപ്രയോഗങ്ങളുടേയും പുതിയ നിയമത്തിലെ അർത്ഥം ഒന്നു തന്നെയാണ്. യേശുവിനെ ഉയർത്തിക്കാണിച്ചുകൊണ്ടു പൗലൊസ് എഴുതിയിരിക്കുന്നതു, അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാല്ക്കീഴിലാക്കിവെച്ചു അവനെ സർവ്വത്തിന്നും മീതെ "സഭെയ്ക്കു," തലയാക്കി "എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു" കൊടുക്കയും ചെയ്തിരിക്കുന്നു (എഫെസ്യർ 1:22, 23). പൗലൊസ് പറഞ്ഞതനുസരിച്ചു, സഭ ക്രിസ്തുവിന്റെ ശരീരമാകുന്നു; അങ്ങനെ, "ക്രിസ്തുവിൽ" എന്നാൽ ക്രിസ്തുവിന്റെ സഭയിൽ എന്നാണർത്ഥം.

പുതിയ നിയമത്തിൽ "ക്രിസ്തുവിൽ" എന്നതോ അല്ലെങ്കിൽ അതിനു തുല്യമായ മറ്റു പദപ്രയോഗങ്ങളും (പ്രത്യേകിച്ചു പൗലോസിന്റെ എഴുത്തുകൾ), വായിക്കുമ്പോൾ സഭയുടെ അർത്ഥവും സഭയോടുളള *നമ്മുടെ* ബന്ധവും വേദശാസ്ത്രമായ അർത്ഥവും മനസ്സിലാകുന്നു.[1] ശ്രദ്ധയോടെ നാം അതു പരിഗണിച്ചാൽ, അവന്റെ ശരീരത്തിൽ അവൻ നല്കുന്ന ആത്മീയ അനുഗ്രഹങ്ങൾ സഭയിലാണെന്നു നമുക്കു വ്യക്തമാകും. ഈ പദപ്രയോഗം മനസ്സിലാക്കാതെ, കർത്താവിന്റെ സഭയിൽ അംഗമാകുക എന്നതിന്റെ അർത്ഥവും അതിന്റെ ആത്മീയകാഴ്ച്ചപ്പാടും പ്രത്യാശയും ഉൾക്കൊളളാൻ സാധ്യമല്ല.

### ഒരു നേട്ടസ്ഥാനം

ആദ്യമായി, "ക്രിസ്തുവിൽ" എന്ന പദപ്രയോഗം പറയുന്നതു കർത്താവിന്റെ സഭയിലെ അംഗങ്ങൾക്കു നേട്ടങ്ങൾ ഉണ്ടെന്നാണ്. "ക്രിസ്തുവിൽ" നാം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരാണ്.

എഫെസ്യർ 1:3-14 വരെ വിശദമാക്കിക്കൊണ്ട്, "ക്രിസ്തുവിലുള്ളവരെ" ദൈവം തിരഞ്ഞെടുക്കുന്നതു കൊണ്ടു, പൗലൊസ് ദൈവത്തെ സ്തുതിക്കുന്നു:

> നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനു അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കയും, തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശു ക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിനു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ച്ചക്കായി, സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലൊ (എഫെസ്യർ 1:4-6).

വ്യക്തികളിൽ ഒരാളെ രക്ഷക്കായും മറ്റൊരാളെ ശിക്ഷക്കായും തിരഞ്ഞെടുക്കുമെന്ന മുൻ - നിർണ്ണയ പദ്ധതിയെയല്ല പൗലൊസ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുവിലായിത്തീരുന്നവരും വിശ്വസ്ഥ

രായി അവനിൽ വസിക്കുന്നവരുമായ എല്ലാവരേയും മുമ്പെ ദൈവം തന്റെ മുൻനിർണ്ണയത്താൽ തിരഞ്ഞെടുത്തു എന്നാണ് പറയുന്നത്. ലോകസ്ഥാപനത്തിനു മുമ്പെ ക്രിസ്തുവിൻ സഭയെ ദൈവം മുൻ കണ്ടു എന്നർത്ഥം.

മനുഷ്യന്റെ തിരഞ്ഞെടുക്കുവാനുളള സ്വാതന്ത്ര്യത്തിനെതിരല്ല ദൈവത്തിന്റെ തിരഞ്ഞെടുപ്പ്, മറിച്ചു, തിരഞ്ഞെടുക്കപ്പെട്ടവരുടെ ഇട യിൽ തിരഞ്ഞെടുക്കുവാനുളള സ്വാതന്ത്ര്യവുമുണ്ട്. ക്രിസ്തുവിന്റെ ശരീരത്തെ തിരഞ്ഞെടുത്തു രക്ഷിക്കുവാൻ ദൈവം മുമ്പെ തീരുമാ നിച്ചിരുന്നു; എന്നാൽ മനുഷ്യർ ആ ശരീരത്തിലേക്കു പ്രവേശിക്കു വാൻ തീരുമാനിക്കുകയും അതിൽ തന്നെ ആയിരിക്കുവാൻ തീരുമാ നിക്കുകയും വേണം.

നോഹ രക്ഷിക്കപ്പെടുവാൻ ദൈവം ഒരു സ്ഥാനം തിരഞ്ഞെടുത്തു (ഉല്പത്തി 7:1), എന്നാൽ നോഹയും കുടുംബവും അതിൽ പ്രവേശി ക്കുകയും അതിൽ ആയിരിക്കയും വേണമായിരുന്നു (ഉല്പത്തി 7:7). ഭൂമിയിലെ സകല ആളുകളിലും വെച്ചു നോഹയും, അവന്റെ ഭാര്യയും, ആൺമക്കളും അവരുടെ ഭാര്യമാരും, മരു - മക്കളും *പെട്ടകത്തിൽ* ദൈവം തിരഞ്ഞെടുത്ത ആളുകളായി - അവരെ ദൈവം തന്റെ കൃപ യാലും കരുണയാലും സംരക്ഷിച്ചു.

സ്വർഗ്ഗത്തിലേക്കുളള പ്രവേശനത്തിനരികിൽ ഒരു വലിയ പരന്ന - ബോർഡു പോലെ ഒരു വലിയ ബോർഡ് കാണാമെന്നു ആരോ പറയു കയുണ്ടായി. ആ ബോർഡിന്റെ മുൻവശത്തു "എന്റെ അടുക്കൽ വരിക" എന്നു വലിയ അക്ഷരത്തിൽ എഴുതിയിരിക്കുന്നതു കാണാം. സ്വർഗ്ഗത്തിൽ പ്രവേശിക്കുമ്പോൾ, നാം വാക്കുകൾ വായിക്കുകയും രക്ഷക്കു വേണ്ടി കർത്താവു ക്ഷണിച്ചതു ഓർക്കുകയും ആ ക്ഷണം സ്വീകരിച്ച ഓരോരുത്തരേയും രക്ഷിക്കയും ചെയ്തതു നാം ഓർക്കു കയും ചെയ്യും. നാം സ്വർഗ്ഗത്തിൽ പ്രവേശിച്ച ശേഷം ആ ബോർഡിന്റെ പുറകിൽ ഇങ്ങനെ വായിക്കുന്നു: "ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട വർ." പിന്നെ ലോകസൃഷ്ടിക്കു മുൻപു ദൈവം തന്റെ പുത്രന്റെ ശരീരം രക്ഷിപ്പാൻ തിരഞ്ഞെടുത്തതു ഓർക്കുകയും അവന്റെ ശരീരത്തിൽ പ്രവേശിച്ചവർക്കു നല്കുന്ന താരതമ്യം ചെയ്യുവാൻ പറ്റാത്ത നേട്ട ങ്ങൾക്കിരയാവുകയും ചെയ്യും.

ദൈവം തിരഞ്ഞെടുത്ത സ്ഥലമായ, സഭയിലേക്ക്, അവന്റെ ശരീ രത്തിലേക്ക് ഒരാൾ പ്രവേശിക്കുമ്പോൾ, നേട്ടമുള്ള സ്ഥലത്തേക്കാണ് അയാൾ പ്രവേശിക്കുന്നത്. ദൈവം രക്ഷാസ്ഥാനം തിരഞ്ഞെടുത്തിരി ക്കുന്നു, എന്നാൽ നാം ആ സ്ഥാനത്തേക്ക് പ്രവേശിക്കയും അതിൽ വസിക്കയും ചെയ്യുന്നത് തിരഞ്ഞെടുക്കണം. നാം ക്രിസ്തുവിന്റെ ശരീ രത്തിലേക്ക് പ്രവേശിക്കുമ്പോൾ, നമ്മെ ദൈവം തന്റെ മക്കളായും തന്റെ വാഗ്ദാന പ്രകാരം അവകാശികളായും മാറ്റുന്നു.

## നല്കുന്ന ഒരു സ്ഥാനം

അവൻ നമ്മെ തന്റെ നേട്ടങ്ങൾ ഉളള സ്ഥാനത്താക്കുക മാത്രമല്ല, "ക്രിസ്തുവിൽ" ആകുന്ന വ്യക്തികൾക്കു ദൈവത്തിന്റെ സകല ആതി

കാനുഗ്രഹങ്ങൾ പ്രാപിപ്പാൻ വഴിയും ഒരുക്കുന്നു. ക്രിസ്തുവിന്റെ ശരീരം "സകലവും നിറക്കുന്നവന്റെ നിറവാണ്" എന്നു പൗലോസ് എഴുതി (എഫെസ്യർ 1:23). അവൻ പിന്നെയും പറഞ്ഞു, "അവനിൽ സർവ്വ സമ്പൂർണ്ണതയും വസിപ്പാൻ പിതാവിനു അവനിൽ പ്രസാദം തോന്നി" (കൊലൊസ്യർ 1:19). അതുകൊണ്ടു, "നിങ്ങൾ അവനിൽ പരി പൂർണ്ണരായിരിക്കുന്നു" എന്നു പൗലൊസിനു പറയുവാൻ കഴിഞ്ഞു (കൊലൊസ്യർ 2:10).

ദൈവം നമുക്കു നല്കുന്ന സകല ആത്മിയാനുഗ്രഹങ്ങളും "ക്രിസ്തുവിൽ" നമുക്കു കാണാൻ കഴിയും. എഫെസ്യർ 1 ൽ പൗലോ സിന്റെ പ്രസ്താവനയിൽ, ഒരൊറ്റ വാചകത്തിൽ ദൈവം തരുന്നവയെ പറഞ്ഞിരിക്കുന്നു: "സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവും ദൈവവുമായവൻ വാഴ്ത്തപ്പെട്ടവൻ" (എഫെസ്യർ 1:3). പൗലൊസിന്റെ "സകലവും" എന്നതിൽ ഒന്നും ഒഴി വാക്കിയിട്ടില്ല. ക്രിസ്തുവിനോടു ചേരാതെ, ക്രിസ്തുവിന്റെ ശരീരത്തിൽ വസിക്കാതെ, ആർക്കും, ഒരിക്കലും ദൈവം വാഗ്ദാനം ചെയ്ത ഈ സകല ആത്മികാനുഗ്രഹങ്ങളും ലഭിക്കുക സാധ്യമല്ല.

"ക്രിസ്തുവിൽ" നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചു അല്പം ചിന്തിക്കുക. ആദ്യമായി, "ക്രിസ്തുവിൽ" നമുക്കു *രക്ഷ* എന്ന അനുഗ്രഹമുണ്ട്. "അവനിൽ" നമുക്കു പാപമോചനമുണ്ട്: "അവനിൽ അവന്റെ രക്തത്താൽ നമുക്കു, അവന്റെ കൃപാമഹത്വത്താൽ, അതി ക്രമങ്ങളിൽ നിന്നുള്ള മോചനം ഉണ്ട്" (എഫെസ്യർ 1:7). "ക്രിസ്തു വിൽ" നാം പുതിയ സൃഷ്ടികളാകുന്നു: "ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞു പോയി: ഇതാ, അതു പുതുതായിതീർന്നിരിക്കുന്നു" (2 കൊരിന്ത്യർ 5:17). ''യേശുക്രിസ്തുവിൽ'' നമുക്ക് നിത്യജീവൻ ഉണ്ട്: ''അതു കൊണ്ടു യേശുക്രിസ്തുവിൽ ഉള്ള രക്ഷ നിത്യതേജസ്സോടു കൂടെ വൃത ന്മാർക്കു കിട്ടേണ്ടതിനു ഞാൻ അവർക്കായി സകലവും സഹിക്കുന്നു" (2 തിമൊഥെയൊസ് 2:10).

രണ്ടാമതു, "ക്രിസ്തുവിൽ" നമുക്കു അടുക്കുവാനുള്ള *പുത്രത്വം* ഉണ്ട്. ''ക്രിസ്തുയേശുവിൽ'' നമുക്ക് പിതാവിനോട് പൂർണമായ സാമീപ്യമുണ്ട്: ''മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു"; "അവൻ മുഖാന്തരം നമുക്കു ഇരുപക്ഷക്കാർക്കും ഏകാ ത്മാവിനാൽ പിതാവിങ്കലേക്കു പ്രവേശനം ഉണ്ട്" (എഫെസ്യർ 2:13, 18) "അവനിൽ" നാം അവകാശവും പ്രാപിച്ചു: "... തന്റെ ഹിതത്തിന്റെ ആലോചന പോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയ പ്രകാരം നിർണ്ണയിക്കപ്പെട്ടത്" (എഫെസ്യർ 1:10, 11).

മൂന്നാമതു, "ക്രിസ്തുവിൽ" നമുക്കു *ഭദ്രത*യുണ്ട്. നമ്മെ "അവ നിൽ" പരിശുദ്ധാത്മാവോടു കൂടെ ഇരുത്തിയിരിക്കുന്നു: "അവനിൽ, നിങ്ങ ൾക്കും, നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം - എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും

ചെയ്തിട്ടു തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു" (എഫെസ്യർ 1:13). "ക്രിസ്തുവിൽ" നാം ശിക്ഷയിൽ നിന്നു മോചിതരാകുന്നു: "അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയുമില്ല" (റോമർ 8:1).

സകല ആത്മീയാനുഗ്രഹങ്ങളും ഉള്ള സ്ഥാനമായി ക്രിസ്തുവിന്റെ ശരീരത്തെ പിതാവായ ദൈവം തിരഞ്ഞെടുത്തു. ആ ശരീരത്തിൽ പ്രവേശിച്ചു അതിൽ വിശ്വസ്തരായിരിക്കുന്നവർക്കു മാത്രമാണ് അവന്റെ ഉദാരമായ ഈ അനുഗ്രഹങ്ങൾ ലഭിക്കുക.

പഴയ നിയമ മാതൃക പരിഗണിക്കുക. ഇസ്രായേൽ ജനം മിസ്രയിം വിട്ടു വാഗ്ദത്ത ദേശമായ കനാനിലേക്കു പുറപ്പെടുവാൻ തയ്യാറായി. ആദ്യത്തെ പെസഹ വന്നെത്തി. പെസഹകുഞ്ഞാടിന്റെ രക്തം അവരുടെ വാതിലുകളുടെ മുകളിലും വശങ്ങളിലും പുരട്ടുകയും പെസഹയിൽ വൈകുന്നേരം അവർ വീടുകളിൽ തന്നെ പാർക്കുകയും വേണമായിരുന്നു (പുറപ്പാട് 12:22). ഈ നിർദ്ദേശം പാലിക്കാത്തവർ, പെസഹയിൽ ദൈവം കടന്നുപോകുമ്പോൾ അവരുടെ ആദ്യ - ജാതൻ മരിക്കുമായിരുന്നു. ആ ചരിത്ര വൈകുന്നേരം എത്ര പ്രത്യേകതയുള്ളതായിരുന്നു! എല്ലാ യിസ്രായേൽ ഭവനങ്ങളും രാത്രി മുഴുവൻ ജാഗ്രതയോടെ കഴിയുമായിരുന്നു. വൈകുന്നേരം ആകുന്നതിനു മുൻപു തന്നെ ആദ്യജാതൻ അപ്പനോടു "അപ്പാ, കട്ടളപ്പടിമേലും കുറുമ്പടിമേലും രക്തം പുരട്ടിയോ?" എന്ന് ചോദിക്കുന്നതും അതിനു മറുപടിയായി, "ഉവ്വ്, മകനേ, ഞാൻ അതു പുരട്ടിക്കഴിഞ്ഞു" എന്നു പറയുന്നതും നമുക്കു ഊഹിക്കാം. വൈകുന്നേരം ആകുമ്പോൾ മകൻ വീണ്ടും വന്നു അപ്പനോടു, "ഇനി നമുക്കു വീടിനു പുറത്തിറങ്ങാൻ കഴിയില്ല, അതുകൊണ്ടു അപ്പാ എല്ലാ വാതിലുകളിലും കുറുമ്പടികളിലും രക്തം ഉണ്ടോ എന്നു ഒന്നു കൂടെ നോക്കണ്ടേ?" പിതാവു പറയുന്നു, "എല്ലാം ഉണ്ട്. എല്ലാം ശരിയായിട്ടു തന്നെയാണോ എന്ന് ഒന്നുകൂടെ നോക്കാം." അപ്പൻ പോയിനോക്കിയിട്ട് "എല്ലാ വാതിലുകളിലും രക്തം ഉണ്ട് മകനേ," "എല്ലാം ദൈവ നിർദേശ പ്രകാരം ഞാൻ ചെയ്തിട്ടുണ്ട് അതിനാൽ നീ ദൈവേഷ്ടത്തിൽ സുരക്ഷിതനാണ്" എന്നു പറയും.

ദൈവ നിർദേശപ്രകാരം ജീവിച്ചതു കൊണ്ടാണ് ആ പിതാവിനു അങ്ങനെ ഉറപ്പിച്ചു പറയുവാൻ കഴിഞ്ഞത്. അതുപോലെ "ക്രിസ്തുവിൽ" നാം ദൈവേഷ്ട വൃത്തത്തിലാണ്. അവന്റെ പുത്രനിൽ നാം വിശ്വസ്തമായി ജീവിക്കുന്നിടത്തോളം നമ്മുടെ ആത്മീയാവശ്യങ്ങൾ ദൈവം നിറവേറ്റും.

**ഒരു വാഗ്ദത്ത സ്ഥാനം**

മൂന്നാമതു, നമ്മുടെ ഏകപ്രത്യാശ "ക്രിസ്തുവിൽ" മാത്രമാണ്. മാനുഷ ജ്ഞാനം, ഈ ജീവിതത്തിൽ തെറ്റിപ്പോകുന്ന സഹായി ആണ്, എന്നാൽ "ക്രിസ്തുവിൽ സകല ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ ഗുപ്തമായിരിക്കുന്നു" (കൊലൊസ്യർ 2:3). ഈ ലോകം നാശത്തിലേക്കു പൊയ്ക്കൊണ്ടിരിക്കുന്നു (2 പത്രൊസ് 3:10).

അതുകൊണ്ട്, ഈ ലോകത്തിലുള്ള ഏതൊരു പ്രത്യാശയും ക്രമേണ ഇല്ലാതാകും, എന്നാൽ "ക്രിസ്തുവിൽ" നമുക്കു വാട്ടമില്ലാത്ത നിത്യാവകാശമുണ്ട് (എഫെസ്യർ 1:11).

ക്രിസ്തുവിലുള്ള നമ്മുടെ പ്രത്യാശയെക്കുറിച്ചു യോഹന്നാൻ എഴുതി, "ആ സാക്ഷ്യമോ ദൈവം നമുക്കു തന്ന നിത്യജീവൻ തന്നേ, ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളതു തന്നേ" (1 യോഹന്നാൻ 5:11). ഈ നിത്യജീവൻ നമുക്കു രണ്ടു വിധത്തിൽ ലഭിക്കുന്നു: ഈ ലോകത്തിൽ സമൃദ്ധമായ ജീവനും, വരുവാനുള്ള ലോകജീവിതത്തിലും പ്രത്യാശയുണ്ട് – സമൃദ്ധമായ ജീവൻ ഇപ്പോഴും സ്വർഗ്ഗത്തിൽ നിത്യജീവനും ഉണ്ട്. യേശു പറഞ്ഞു, "അവർക്കു ജീവൻ ഉണ്ടാകുവാനും, സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്" (യോഹന്നാൻ 10:10). യോഹന്നാൻ പിന്നെയും പറഞ്ഞു, "പുത്രൻ ഉള്ളവനു ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവനു ജീവൻ ഇല്ല" (1 യോഹന്നാൻ 5:12). പിന്നെയും യോഹന്നാൻ എഴുതി, "ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇതു എഴുതിയിരിക്കുന്നതു നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്നു തന്നേ" (1 യോഹന്നാൻ 5:13).

പഴയ നിയമത്തിൻ കീഴിൽ ഒരു മനുഷ്യൻ അബദ്ധവശാൽ ആരെയെങ്കിലും കൊന്നിട്ടു ഓടിപ്പോയി സങ്കേത പട്ടണത്തിൽ അഭയം തേടിയാൽ "രക്ത പ്രതികാരകൻ" അവന്റെ രക്തത്തോടു പ്രതികാരം ചെയ്യാതിരിക്കുന്നു (യോശുവ 20). അവൻ സങ്കേത നഗരത്തിൽ പാർക്കുന്നേടത്തോളം കാലം, സുരക്ഷിതനാണ്. ആ നഗരത്തിൽ അവനു സാധാരണജീവിതവും സാധാരണഭാവിയും ഉണ്ട്. ആ നഗരം വിട്ടു പോയാൽ, രക്ത പ്രതികാരകൻ അവനെ കൊന്നു കളയാൻ സാധ്യതയുണ്ട്. സങ്കേത നഗരത്തിൽ മാത്രമായിരിക്കും അവനു ജീവനും ഭാവിയും ഉള്ളത്.

അതുപോലെ, നമുക്കും "ക്രിസ്തുവിൽ" മാത്രമാണ് പ്രത്യാശയുള്ളത്. ഈ ലോകജീവിതത്തിലും, നിത്യതയിലും ക്രിസ്തുവിനു പുറത്തു പ്രത്യാശയോ സുരക്ഷിതത്വമോ ഇല്ല. ജാതികൾ ക്രിസ്തുവിൽ നിന്നു വേർപ്പെട്ടു ലോകത്തിൽ പ്രത്യാശയില്ലാത്തവരായിരുന്നു എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (എഫെസ്യർ 2:12). അതു പോലെ, ക്രിസ്തുവിനു പുറത്തുള്ള ഏതൊരാൾക്കും ഈ ലോകത്തിൽ പ്രത്യാശയില്ല.

**ഉപസംഹാരം**

"ക്രിസ്തുവിൽ" എന്നതിന്റെ പ്രാധാന്യം മനസ്സിലാക്കിയിട്ടു "എങ്ങനെ നമുക്കു ക്രിസ്തുവിലാകാം?" എന്നു ചോദിച്ചില്ലെങ്കിൽ നാം വിഡ്ഢികളാകും. ഈ ചോദ്യത്തിനു രണ്ടു വേദഭാഗങ്ങൾ ഉത്തരം നല്കുന്നു. ഒന്നു, പുതിയ നിയമ സ്നാനത്താൽ നാം ക്രിസ്തുവിനോടു ചേരുന്നു എന്നു റോമർ 6:3-ൽ പൗലൊസ് പറയുന്നു: "അല്ല, ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ

അറിയുന്നില്ലയോ?" രണ്ടു, അതേ സത്യം പൗലൊസ് ഗലാത്യർ 3:27–ൽ നല്കുന്നു: "ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു."

നാം ക്രിസ്തുവിൽ വിശ്വസിക്കുകയും, പാപജീവിതത്തിൽ നിന്നു മാനസ്സാന്തരപ്പെട്ടു ദൈവത്തിലേക്കു തിരിയുകയും യേശു ക്രിസ്തു വാണെന്നു ഏറ്റു പറയുകയും, പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും ചെയ്യുമ്പോൾ, ദൈവത്തിന്റെ വിലയേറിയ പ്രവർത്തി യിലേക്കു നമ്മെ കൊണ്ടുവരുന്നു. നമ്മുടെ *സ്ഥാനം* ഉടനെ മാറ്റുന്നു, കാരണം നമ്മെ കൊണ്ടുവന്നിരിക്കുന്നതു വാഗ്ദാനവും നല്കലും നേട്ടവും ഉള്ള സ്ഥലത്തേക്കാണ്. നാം ദൈവവചനം ദിവസവും പഠിച്ചു, ക്രിസ്തുവിനോടുള്ള കൂട്ടായ്മയിലും, ദൈവഭവനത്തിൽ വെളിച്ചത്തിൽ നടന്നു നമ്മുടെ *അവസ്ഥ* തുടർച്ചയായി മാറിക്കൊണ്ടിരിക്കയാണ്.

ഒരു നാമധേയ വിഭാഗത്തിന്റെ സ്ഥലത്തിൽ എണ്ണ കണ്ടെത്തിയ വാർത്ത ഞാൻ വായിക്കുകയുണ്ടായി. അതൊരു നിധി പോലെ, പെട്ടെന്ന് സഭ ധനികമായിത്തീർന്നു. അവർ പെട്ടെന്നു അംഗത്വ വളർച്ച നിർത്തി അവരുടെ മാസവരുമാനം തുല്യമായി വീതിച്ചെടുക്കാൻ തുടങ്ങി. സഭ പെട്ടെന്നു വ്യാപാരത്തിലെത്തുകയും അതിലെ അംഗ ങ്ങൾ ധനികരാവുകയും ചെയ്തു.

പുതിയ നിയമ സഭ ഈ വിഭാഗത്തിൽ നിന്നും മറ്റെല്ലാ വിഭാഗങ്ങ ളിൽ നിന്നും വ്യത്യസ്തമാണ്! അതു ക്രിസ്തുവിന്റെ ശരീരവും അതിൽ നിറച്ച സ്വർഗ്ഗീയ സമ്പാദ്യങ്ങളുമാണ്. അതിലെ അംഗത്വം ലോകാവ സാനത്തിനു മുൻപു അവസാനിപ്പിക്കുകയില്ല. ആർക്കും സുവിശേഷം അനുസരിച്ചു ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കു പങ്കുകാരാകാം. ഓരോ അംഗത്തിനും സൗജന്യമായി ആത്മാവിനാൽ യേശുക്രിസ്തു മുഖാ ന്തരം എല്ലാ ആത്മീകാനുഗ്രഹങ്ങളും ലഭിക്കും. ആ ആത്മീയ നിക്ഷേപങ്ങൾ ഒരംഗത്തിനും തടഞ്ഞു വെക്കുകയില്ല.

ദൈവപൈതലാകുവാനുള്ള നേട്ടം ക്രിസ്തുവിലാകുന്ന വ്യക്തിക്കു ലഭിക്കുകയും എല്ലാ ആത്മിയാനുഗ്രഹങ്ങളും, നിത്യജീ വന്റെ പ്രത്യാശയും ഉള്ളതുകൊണ്ടു, തീർച്ചയായും "നിങ്ങൾ ക്രിസ്തു വിൽ ആയോ?" എന്ന ചോദ്യത്തേക്കാൾ വലിയ ചോദ്യം തീർച്ചയായും ഇല്ല.

### ചർച്ചയ്ക്കും പഠനത്തിനും ഉള്ള ചോദ്യങ്ങൾ

1. പുതിയ നിയമത്തിൽ പ്രത്യക്ഷപ്പെടുന്ന "ക്രിസ്തുവിൽ" എന്ന പ്രയോഗത്തിന്റെ വിവിധ രൂപത്തിൽ എഴുതുക.
2. "ക്രിസ്തുവിൽ" - എന്നതും "സഭയിൽ" എന്നതും തമ്മിൽ താരതമ്യം നട ത്തുക.
3. എഫെസ്യർ 1:4–6 വരെ പൗലൊസ് എഴുതിയതായ മുൻ നിർണ്ണയം വിവരി ക്കുക.
4. നോഹയും കുടുംബവും പ്രളയത്തിൽ മുൻ നിർണ്ണയിക്കപ്പെട്ട ആശയം വ്യക്ത മാക്കുക.
5. "ക്രിസ്തുവിൽ" നമുക്കുള്ള മുഖ്യമായ അനുഗ്രഹങ്ങൾ ഏവ? എന്നു ചുരു

ക്കമായി ഓരോന്നും വിവരിക്കുക.

6. "നിത്യ ജീവങ്കലേക്കുള്ള" "സമൃദ്ധമായ ജീവൻ" വിശദമാക്കുക.
7. പഴയ നിയമ കാലത്തിലെ സങ്കേതനഗരങ്ങളെപ്പറ്റി വിവരിക്കുക.
8. "ക്രിസ്തുവിൽ" ആകുന്നതു എഫെസ്യർ 2:12 മായുള്ള ബന്ധത്തിൽ വിശദമാക്കുക.
9. ക്രിസ്തുവിനോടു ചേരുന്നതു എങ്ങനെയാണെന്നാണ് റോമർ 6:3 പറയുന്നത്?
10. ക്രിസ്തുവിനോടു ചേരുന്നതു എങ്ങനെയാണെന്നാണ് ഗലാത്യർ 3:27 പറയുന്നത്?
11. ക്രിസ്തുവിൽ ആകുന്ന *അവസ്ഥ*യിൽ നമുക്കുണ്ടാകുന്ന *സ്ഥാനത്തെ* താരതമ്യം ചെയ്യുക.
12. നാം "ക്രിസ്തുവിൽ" ആണെന്നു എങ്ങനെ നമുക്കു ഉറപ്പിക്കാം.

---

കുറിപ്പ്

[1]അനുബന്ധം3 സൂചിപ്പിക്കുന്നതു "ക്രിസ്തുവിൽ" എന്നതും അതിനു തുല്യമായവയുമായി പ്രത്യക്ഷപ്പെടുന്നത് എല്ലാം സൂചിപ്പിക്കുന്നു. ഈ ലിസ്റ്റ് നമ്മെ ആ പദപ്രയോഗം അതിന്റെ മനോഹരമായ സഭയുടെ അർത്ഥം അന്തർലീനമാക്കുന്നുണ്ട്.

© 2009 Truth for Today